# പതിമൂന്നാം കേരളനിയമസഭ
# ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5406** **04/07/2013 ൽ മറുപടിക്ക്**

## ആർ.സി.സി.യുടെ പുതിയ 10 നില കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി

**ചോദ്യം** — ശ്രീ. എസ്. ശർമ്മ

**മറുപടി** — ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

-----

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ആർ.സി.സി.യുടെ പുതിയ 10 നില കെട്ടിടത്തിന്റെ ഭരണാനുമതി നൽകിയതും നിർമ്മാണ പ്രവൃത്തി തുടങ്ങിയതും എന്നാണെന്ന് വ്യക്തമാക്കാമോ ; | (എ) | ആർ.സി.സി.യുടെ പുതിയ 10 നില കെട്ടിടത്തിന്റെ ഭരണാനുമതി 10/12/2009-ൽ ലഭിക്കുകയും 08/04/2010-ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയുമുണ്ടായി. |
| (ബി) | നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുന്നതിന് കാലതാമസം വരുന്നത് എന്തു കൊണ്ടാണ് ; എന്നത്തേക്ക് പണി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | (ബി) | എഗ്രിമെന്റ് പ്രകാരം 07/04/2013-ൽ പണി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്ന കരാറുകാരൻ നിശ്ചിത സമയത്തിനുള്ളിൽ 55 ശതമാനം പണികൾ മാത്രമേ പൂർത്തിയാക്കിയുള്ളൂ. ആയതിനാൽ പ്രസ്തുത കരാർ അവസാനിപ്പിക്കുകയും ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി സർക്കാരിന്റെ അനുമതിയോടു കൂടി പുതിയ ടെണ്ടർ വിളിക്കുകയും ചെയ്തു. പുതിയ ടെണ്ടർ അനുസരിച്ചുള്ള എഗ്രിമെന്റ് വെച്ചതിനുശേഷം ഒരു വർഷത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ആർ.സി.സി.യിലെ രോഗികളുടെ സൗകര്യങ്ങൾ കണക്കിലെടുത്തു കൊണ്ട് നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച സ്നാക്ക് കൗണ്ടറും, ശീതള പാനീയ കൗണ്ടറും എന്നത്തേക്ക് തുറന്ന് പ്രവർത്തിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ; | (സി) & (ഡി) | സ്നാക്ക് കൗണ്ടറും, ശീതള പാനീയ കൗണ്ടറും തുറന്നു പ്രവർത്തിക്കുന്നതിനുവേണ്ട ദർഘാസിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. ഇതിന്റെ നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് വിശ്രമ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |
| (ഡി) | പണികഴിഞ്ഞ വിശ്രമകേന്ദ്രവും എന്നത്തേക്ക് പൂർത്തീകരിച്ച് തുറന്നു പ്രവർത്തിക്കുവാൻ കഴിയും ? | | |

സെക്ഷൻ ഓഫീസർ